ഈ രണ്ട് ഭൂമികളും കെ.എസ്.ഐ.ടി.ഐ.എൽ. ഏറ്റെടുക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും ഭൂമി കൈമാറ്റ നടപടികളും പുരോഗമിച്ചുവരികയാണ്. പ്രത്യേക സാമ്പത്തിക മേഖലയായ ഈ ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം 90% ഇതിനകം പൂർത്തീകരിച്ചു. 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടവും അതിന്റെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) 2015 മാർച്ച് മാസത്തോടെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ഐ.ടി. പാർക്ക്

327 (667) <u>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച ഐ.ടി. പാർക്കിന്റെ എന്തൊക്കെ പ്രാരംഭ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഐ.ടി. പാർക്ക് എപ്പോൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എല്ലിന് കൈമാറ്റം ചെയ്ത് കിട്ടിയെങ്കിലും പ്രസ്തുത കൈമാറ്റ ഉത്തരവിൽ റീ-സർവ്വേ നമ്പരിലെ പിശക് തിരുത്തികിട്ടിയത് 2012 ജൂലൈ മാസത്തിലാണ്. അതിനുശേഷം പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചു. അതിർത്തി ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനും അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 2015 ഡിസംബർ മാസത്തോടെ ഐ.ടി. പാർക്ക് സജ്ജമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly